# ജില്ലാ കോടതി, മഞ്ചേരി

Office : 04832 766377
Fax : 04832 766513
E-mail : dscourtmanjeri@kerala.gov.in

## വിജ്ഞാപനം

**വിജ്ഞാപന തിയ്യതി:- 25-01-2023** | **അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി 31-01-2023 വൈകുന്നേരം 5 മണി**

**നമ്പർ. A1-18383/2022/FTSC**

ജില്ലയിൽ നിലവിലുള്ള കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതികളിലെ താഴെ പറയുന്ന തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അർഹരായവരുടെ പട്ടിക തയാറാക്കുന്നുണ്ട്. ആയതിലേക്ക് സന്നദ്ധരും യോഗ്യതയുള്ളവരുമായ വ്യക്തികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**വകുപ്പ് :-**

സിവിൽ ജുഡീഷ്യറി

**ഒഴിവുകളുടെ എണ്ണം:-**

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II | **പ്രതീക്ഷിത ഒഴിവുകൾ** |
| 2 | എൽ.ഡി ടൈപ്പിസ്റ്റ് /കമ്പ്യൂട്ടർ അസിസ്റ്റന്റ് | |
| 3 | ഓഫീസ് അറ്റൻഡന്റ്/ പ്യൂൺ | |

**യോഗ്യത:-**

1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തിക അല്ലെങ്കിൽ ഉയർന്ന തസ്തികയിൽ നിന്നും കോടതികളിൽ നിന്നോ മറ്റു സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവരായിരിക്കണം
2. അപേക്ഷകർക്ക് **62** വയസ്സ് പൂർത്തിയാകാൻ പാടില്ല
3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണനയുണ്ട്

**നിയമന രീതി :-**

നിയമനം തുടർച്ചയായി **179** ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് **62** വയസ്സ് പൂർത്തിയാകുന്നത് വരെ ഇവയിൽ ഏതാണോ ആദ്യം വരിക അതുവരെയായിരിക്കും. അപേക്ഷകളുടെ സൂഷ്മ പരിശോധനയുടെയും, യോഗ്യതകളുടെയും, കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേക്കും തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാ ക്രമത്തിലായിരിക്കും നിയമനം. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ കേരള സർവീസ് റൂൾ ഭാഗം 1, അനുബന്ധം 1 പ്രകാരവും 09-07-19 തിയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ (P)81/2019/ fin പ്രകാരവുമുള്ള സേവന വേതന വ്യവസ്ഥകൾ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമ്മത പത്രത്തിൽ സർക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

**നിയമനാധികാരി:-**

ജില്ലാ ജഡ്ജ്, മഞ്ചേരി

**അപേക്ഷിക്കേണ്ട വിധം:-**

യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പൂർണ്ണമായ ബയോഡാറ്റ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി വയസ്സ്, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം **"ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കോടതി സമുച്ചയം, കച്ചേരിപ്പടി, മഞ്ചേരി, മലപ്പുറം - 676121"** എന്ന വിലാസത്തിൽ **31-01-2023 ന്** വൈകുന്നേരം **5** മണിക്ക് മുമ്പായി കിട്ടുന്ന വിധം നേരിട്ടോ തപാൽ മുഖേനെയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ കവറിന് മുകളിൽ വിജ്ഞാപന നമ്പറും **"കരാർ നിയമനത്തിനുള്ള അപേക്ഷ"** എന്നും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദ വിവരങ്ങളും അപേക്ഷയുടെ മാതൃകയും ജില്ലാ കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (https://districts.ecourts.gov.in/malappuram) 'Notification' ലിങ്കിൽ ലഭ്യമാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ജില്ലാകോടതി, മഞ്ചേരി

25-01-2023

**(ഉത്തരവിൻ പ്രകാരം)**

ശിരസ്തദാർ

DISTRICT COURT MANJERI

# അപേക്ഷ ഫോറം

(കുട്ടികൾക്കെതിരായ ലൈംഗീകാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതികളിൽ നിലവിലുള്ളതും പ്രതീക്ഷിക്കുന്നതുമായ ഒഴിവുകളിലേക്ക് 25-01-2023 തിയ്യതിയിലെ വിജ്ഞാപന നമ്പർ A1-18383/2022/FTSC പ്രകാരമുള്ള കരാർ നിയമനം)

| | | | |
|---|---|---|---|
| Affix recent passport size photo | അപേക്ഷിക്കുന്ന തസ്തിക | തസ്തിക | ☑ |
| | | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -II | |
| | | കമ്പ്യൂട്ടർ അസിസ്റ്റന്റ് / എൽ.ഡി.ടൈപ്പിസ്റ്റ് | |
| | | ഓഫീസ് അറ്റൻഡന്റ്/ പ്യൂൺ | |

| | |
|---|---|
| **അപേക്ഷകന്റെ/അപേക്ഷകയുടെ പേര്**<br>**(മലയാളത്തിൽ)**<br>**(ഇംഗ്ലീഷിൽ, വലിയക്ഷരത്തിൽ)** | |
| **വയസ്സ്, ജനന തിയ്യതി** | |
| **വിരമിച്ച തിയ്യതി, പി.പി.ഒ നമ്പർ, വിരമിച്ച തസ്തിക** | |
| **വിദ്യഭ്യാസ യോഗ്യത** | |
| **സ്ഥിരം മേൽവിലാസം** | **PH:** |
| **ഇപ്പോഴത്തെ മേൽവിലാസം** | **PH:** |
| **പ്രവർത്തി പരിചയം** | |
| **മറ്റ് യോഗ്യതകൾ** | |

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തിയ്യതി: (ഒപ്പ്)